"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 26.10.2023 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.22 നമ്പർ തീരുമാനം - മൂന്നാർ മേള 2023 - സംഘാടക സമിതിക്ക് വന്ന അധിക ചെലവ് - തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2407/2023/LSGD തീയതി,തിരുവനന്തപുരം, 04-12-2023

പരാമർശം:- 26.10.2023 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ 4.22 നമ്പർ തീരുമാനം

**ഉത്തരവ്**

മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ വിഭാഗം സംഘടനകളുടെയും പിന്തുണയോടെ ജനകീയ സമിതി 16.05.2023 മുതൽ 27.05.2023 വരെ ടൂറിസം പ്രമോഷൻ, വിനോദവിജ്ഞാന സംവിധാനങ്ങൾ, അമ്യൂസ്മെന്റ് പാർക്ക്, വിവിധ പ്രദർശന വില്പന സ്റ്റാളുകൾ, സ്റ്റേജ് പ്രോഗ്രാം, കാർഷിക ഉല്പന്ന വിപണനം, കുടുംബശ്രീ ഉല്പന്ന വിപണനം എന്നീ പരിപാടികൾ ഉൾപ്പെടുത്തി മൂന്നാർ മേള സംഘടിപ്പിച്ചിരുന്നു. പരിപാടിയ്ക്ക് ആകെ 28,15,708/- രൂപ ചെലവായതായും പ്രവേശന പാസ്, സംഭാവന എന്നിവയിലൂടെ ആകെ 20,13,758/- രൂപ ലഭിച്ചതായും 8,01,950/- രൂപ ബാധ്യതയുള്ളതായും അറിയിച്ചിട്ടുണ്ട്. വരവ് ചെലവ് കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ അധിക ചെലവ് മറ്റു വിധത്തിൽ കണ്ടെത്താൻ ബുദ്ധിമുട്ടുള്ളതിനാൽ ദേവികുളം, അടിമാലി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ഈ ബ്ലോക്ക് പഞ്ചായത്തു പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിഹിതം വാങ്ങുന്നതിന് അനുമതി നൽകണമെന്ന ആവശ്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണയ്ക്ക് സമർപ്പിച്ചിരുന്നു. ഈ ആവശ്യം പരിഗണിച്ച കോഓർഡിനേഷൻ കമ്മിറ്റി, പരാമർശം തീരുമാനം പ്രകാരം, ദേവികുളം, അടിമാലി ബ്ലോക്ക് പഞ്ചായത്തുകൾക്കും ഈ പ്രദേശത്തെ ഗ്രാമപഞ്ചായത്തുകൾക്കും, തനത് ഫണ്ടിൽ നിന്ന് തുക നൽകുവാൻ ഈ വർഷത്തേയ്ക്ക് (2023-24) മാത്രമായി അനുമതി നൽകുകയും ഭാവിയിൽ ഇത്തരം മേളയിൽ നിന്നു തന്നെ വരുമാനം കണ്ടെത്തേണ്ടതാണ് എന്ന് നിർദേശിക്കുകയും

ചെയ്തു.

2. മേൽ സാഹചര്യത്തിൽ, മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരാമർശിത മൂന്നാർ മേളയ്ക്ക് ബാധ്യതയായി നിലനിൽക്കുന്ന തുക (രൂപ 8,01,950/-) തനത് ഫണ്ടിൽ നിന്ന് നൽകുവാൻ ദേവികുളം, അടിമാലി ബ്ലോക്ക് പഞ്ചായത്തുകൾക്കും ഈ പ്രദേശത്തെ ഗ്രാമപഞ്ചായത്തുകൾക്കും 2023-24 വർഷത്തേയ്ക്ക് മാത്രമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭാവിയിൽ ഇത്തരം മേളയിൽ നിന്നു തന്നെ വരുമാനം കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പകർപ്പ്:പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ), തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂമീഡിയ (ഐ & പിആർഡി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 04-12-2023 11:30:38
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്